# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1469** | **10.02.2020 ൽ മറുപടിയ്ക്ക്**

**പച്ചക്കറി കൃഷിയിലെ സ്വയം പര്യാപ്തത**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്.ശർമ്മ<br>ശ്രീ. കെ.യു. ജനീഷ് കുമാർ<br>ശ്രീ. ഒ. ആർ. കേളു<br>ശ്രീ. യു. ആർ. പ്രദീപ് | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തതയോടൊപ്പം വിഷമുക്ത പച്ചക്കറിയുല്പാദനം കൂടി ലക്ഷ്യമിടുന്ന നവീന പദ്ധതിയായ ജീവനിയെ കുറിച്ച് വിശദമാക്കാമോ; | എ) | പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തതയോടൊപ്പം വിഷമുക്ത പച്ചക്കറിയുല്പാദനം കൂടി ലക്ഷ്യമിടുന്ന നവീന പദ്ധതിയാണ് "ജീവനി – നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം". വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുവാനും വർഷത്തിലുടനീളം സുരക്ഷിത പച്ചക്കറി ലഭ്യമാക്കുവാനും അതുവഴി ആഹാരത്തിലൂടെ ആരോഗ്യം എന്ന സംസ്കാരം വളർത്തിയെടുക്കുവാനുമാണ് ജീവനി പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്.<br>കീടരോഗ പ്രതിരോധ ശേഷിയുള്ള നമ്മുടെ പരമ്പരാഗത പച്ചക്കറി ഇനങ്ങളും, ബഹുവർഷ പച്ചക്കറി ഇനങ്ങൾ, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ, നാടൻ ഇനങ്ങൾ എന്നിവയുടെ കൃഷി വീട്ടുവളപ്പിൽ പ്രോത്സാഹിപ്പിക്കുന്നു.<br>കൃഷി പാഠശാല, ആരോഗ്യ വകുപ്പുമായി സംയോജിച്ചുകൊണ്ടുള്ള ബോധവല്ക്കരണം, നല്ല കാർഷികമുറ അനുവർത്തിച്ചിട്ടുള്ള പച്ചക്കറികളുടെ വിപണനം, പോഷകത്തോട്ടം, വിത്ത് കൈമാറ്റ കൂട്ടായ്മ, ജീവനി – പച്ചക്കറി ഗ്രാമം, ഹരിത ബ്ലോക്ക്, നഗരം – നാമകരണം, 1000 മാർക്കറ്റുകളുടെ വിപുലീകരണം, വിദ്യാലയങ്ങളിലും പൊതു/ സ്വകാര്യസ്ഥാപനങ്ങളിലും പച്ചക്കറി കൃഷി, ഹരിത ഗ്രൂപ്പ് എന്നിവയാണ് പ്രസ്തുത പദ്ധതിയുടെ പ്രധാന പദ്ധതി ഘടകങ്ങൾ (സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു). |
| ബി) | ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ സംസ്ഥാനത്തുണ്ടായിരുന്ന പച്ചക്കറി ഉല്പാദന സ്ഥിതിയിൽ നിന്ന് നിലവിൽ കൈവരിച്ച നേട്ടം വിശദമാക്കാമോ; | ബി) | 2015-2016 വർഷത്തിൽ സംസ്ഥാനത്തു ണ്ടായിരുന്ന പച്ചക്കറി കൃഷി വിസ്തൃതി 46500 ഹെക്ടറും ഉല്പാദനം 6.28 ലക്ഷം മെട്രിക് ടണ്ണും ആയിരുന്നു. 2017-18 ൽ പച്ചക്കറി വിസ്തൃതി 69047 ഹെക്ടറും ഉല്പാദനം 10.01 ലക്ഷം മെട്രിക് ടണ്ണും ആയിരുന്നത് 2018-19 |

സാമ്പത്തിക വർഷം ആയപ്പോഴേക്കും 82166.55 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്തതിൽ നിന്നും 12.12 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുവാൻ സാധിച്ചു. പച്ചക്കറി വികസന പദ്ധതിവഴി കഴിഞ്ഞ മൂന്ന് വർഷമായി 29336.55 ഹെക്ടർ സ്ഥലത്ത് അധികമായി പച്ചക്കറി കൃഷി ചെയ്യാനും ഉൽപ്പാദനം 4.87 ലക്ഷം മെട്രിക് ടൺ അധികമായി ഉല്പാദിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്.

| | |
|---|---|
| സി) കൃഷി ആശ്രയിക്കാവുന്ന ഉപജീവനമാർഗമാക്കി പുതു തലമുറയെ കൃഷിയിലേക്ക് ആകർഷിക്കുന്നതിന് ഉല്പാദക കമ്പനികൾ, മൂല്യവർദ്ധിതോല്പന്ന വ്യവസായം, ശീതീകൃത സംഭരണ കേന്ദ്രങ്ങൾ, കാർഷികോപകരണങ്ങൾ, നൂതന കൃഷി രീതി മുതലായവ വ്യാപിപ്പിക്കുന്നതിനു നടത്തി വരുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ? | സി) സംസ്ഥാനത്ത് മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണത്തിനും അതു വഴി സുസ്ഥിര വികസനം സാധ്യമാക്കുന്നതിനും, പുതുതലമുറയെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനും, കൃഷിയെ ഒരു ഉപജീവനമാർഗ്ഗമായി പുതുതലമുറ അംഗീകരിക്കുന്നതിലേക്കുമായി വിവിധ മൂല്യവർദ്ധിത പദ്ധതികൾ സർക്കാർ നടപ്പാക്കി വരുന്നു. കാർഷികോല്പന്നങ്ങളുടെ സംസ്കരണത്തിനും, മൂല്യവർദ്ധനവിനുമായി സംരംഭങ്ങൾ ആരംഭിക്കുന്നതിന് സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം മുഖേന പ്രോജക്ട് അധിഷ്ഠിത സഹായവും, സാങ്കേതികസഹായവും നൽകിവരുന്നു. ചെറുകിട ഇടത്തരം സംരംഭകർക്ക് ഇൻഡസ്ട്രീസ് വകുപ്പ് മുഖേന നടപ്പാക്കുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള വായ്പാധിഷ്ഠിത സബ്സിഡി ഒരു യൂണിറ്റിന് പരമാവധി 50 ലക്ഷം രൂപ വരെ ധനസഹായം നൽകി വരുന്നുണ്ട്. കൂടാതെ വ്യക്തിഗത യൂണിറ്റുകൾ, സ്വയംസഹായ സംഘങ്ങൾ എന്നിവയ്ക്കും എസ്.എഫ്.എ.സി. മൂല്യവർദ്ധിത യൂണിറ്റുകൾ തുടങ്ങുന്നതിന് ധനസഹായം നൽകുന്നുണ്ട്. 2016-17 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്ത് കാർഷികോല്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനവ് തുടങ്ങിയവ ലക്ഷ്യമാക്കി വൈഗ എന്ന പേരിൽ അന്താരാഷ്ട്ര ശില്പശാലയും പ്രദർശനവും കൃഷി വകുപ്പ് സംഘടിപ്പിച്ച് വരുന്നുണ്ട്. കർഷകരിലും, യുവാക്കളിലും കാർഷിക സംരംഭകത്വം വളർത്തുന്നതിന് ഇത്തരം പരിപാടികൾ സഹായകരമാണ്. 2016 മുതൽ ആരംഭിച്ച വൈഗയിൽ പങ്കെടുത്ത 30-ഓളം കർഷകർ/ യുവാക്കൾ എന്നിവർക്ക് എസ്.എഫ്.എ.സി. മുഖേന സബ്സിഡി ആനുകൂല്യം നൽകിയിട്ടുണ്ട്. 2020 ജനുവരിയിൽ തൃശ്ശൂരിൽ വച്ച് നടത്തിയ വൈഗയിൽ പങ്കെടുത്ത 25-ഓളം സംരംഭകർക്ക് ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾ എസ്.എഫ്.എ.സി. സ്വീകരിച്ചുവരുന്നു.<br>പുതുതലമുറയെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനു വേണ്ടി വി.എഫ്.പി.സി.കെ |

യുടെ കീഴിൽ സ്വാശ്രയ കർഷക സമിതികളുടെ ആഭിമുഖ്യത്തിൽ മൂല്യവർദ്ധിത യൂണിറ്റുകളായ പഴം സംസ്കരണ യൂണിറ്റ്, മരിച്ചീനി സംസ്കരണ യൂണിറ്റ്, കട്ട് വെജിറ്റബിൾ യൂണിറ്റ് എന്നിവ നടപ്പിലാക്കി വരുന്നു. കോട്ടയം ജില്ലയിലെ പാറത്തോട് പ്രവർത്തിക്കുന്ന യൂണിറ്റിൽ വാഴപ്പഴം, പൈനാപ്പിൾ എന്നിവ സംസ്കരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി 'തളിർ' എന്ന ബ്രാൻഡിൽ വിതരണം ചെയ്തു വരുന്നു. കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി സ്വാശ്രയ കർഷക സമിതിയുടെ കീഴിൽ മരച്ചീനിയിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപാദിപ്പിച്ചു വിപണനം ചെയ്യുന്നുണ്ട്. കേരളീയ വിഭവങ്ങളായ സാമ്പാർ, അവിയൽ, വിവിധയിനം മെഴുക്കുപുരട്ടി, തോരൻ എന്നിവ പാകം ചെയ്യുന്നതിന് പച്ചക്കറികൾ കഷ്ണങ്ങളാക്കി റെഡി ടു കുക്ക് പായ്ക്കറ്റുകളിൽ വിപണനം ചെയ്യുന്നതിന് തിരുവനന്തപുരം, തൃശ്ശൂർ, എറണാകുളം, കോഴിക്കോട് ജില്ലകളിൽ വെജിറ്റബിൾ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു.

വയനാട് ജില്ലയിലെ ഇടവക പഞ്ചായത്തിൽ വി.എഫ്.പി.സി.കെ പായ്ക്ക് ഹൗസിനോടനുബന്ധിച്ച് 10 മെട്രിക്ക് ടൺ ശേഷിയുള്ള ശീതീകരണ സംഭരണ കേന്ദ്രം പ്രവർത്തിച്ചുവരുന്നു. കൂടാതെ, തൃശ്ശൂർ ജില്ലയിലെ പരിയാരത്ത് നിർമ്മാണം പൂർത്തീകരിച്ചു വരുന്ന പായ്ക്ക് ഹൗസിനോടനുബന്ധിച്ചും 10 മെട്രിക്ക് ടൺ ശേഷിയുള്ള ശീതീകരണ സംഭരണ കേന്ദ്രം പ്രവർത്തനം ആരംഭിക്കുന്നതാണ്. ഇതുകൂടാതെ, സർക്കാരിന്റെ 'റീബിൽഡ് കേരള'പദ്ധതിയിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിലെ പെരുമാട്ടിയിൽ ഒരു വെജിറ്റബിൾ ഡ്രൈയിംഗ് യൂണിറ്റും തിരുവനന്തപുരം ജില്ലയിലെ വെമ്പായത്ത് ഒരു മഞ്ഞൾ സംസ്കരണ യൂണിറ്റും തുടങ്ങുന്നതിനുള്ള പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ, കാക്കനാട് ആരംഭിക്കുന്ന വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രോസസ്സിംഗ് ആന്റ് മാർക്കറ്റിംഗ് സെന്ററിനോടനുബന്ധിച്ച് വെജിറ്റബിൾ ഡ്രൈയിംഗ് യൂണിറ്റ്, റൈപ്പനിംഗ് യൂണിറ്റ്, ശീതീകരണ സംഭരണ കേന്ദ്രം എന്നിവ തുടങ്ങുന്നതിനുള്ള അംഗീകാരവും നൽകിയിട്ടുണ്ട്.

കാർഷികോപകരണങ്ങൾ 50 ശതമാനം സബ്സിഡി നിരക്കിൽ കൗൺസിൽ വിതരണം ചെയ്തിട്ടുണ്ട്. ഇതുകൂടാതെ, പാർട്ടിസിപ്പേറ്ററി ഗ്യാരന്റി സിസ്റ്റം, ഉത്തമ കൃഷിമുറകൾ അനുസരിച്ചുള്ള കൃഷി രീതികൾ, കയറ്റുമതി അധിഷ്ഠിതമായ പഴം-പച്ചക്കറി കൃഷി എന്നിവ വഴി ഉൽപ്പന്നങ്ങൾക്ക് മികച്ച വില ലഭിക്കുന്നതിനും അതുവഴി പുതുതലമുറയെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ കൗൺസിൽ നടപ്പിലാക്കി വരുന്നു.

യന്ത്രവല്ക്കരണം വ്യാപിപ്പിക്കുന്നതിലേയ്ക്കായി കർഷകർ, കർഷകത്തൊഴിലാളികൾ, സ്വയം സഹായ സംഘങ്ങൾ, സംരഭകർ തുടങ്ങിയവർക്ക് കാർഷിക യന്ത്രങ്ങൾ വാങ്ങുന്നതിലേയ്ക്ക് സബ്മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ (സ്മാം)

എന്ന പദ്ധതിയിൽ സാമ്പത്തിക സഹായം നൽകി വരുന്നു. കൂടാതെ സംരംഭകർ, സ്വയം സഹായ സംഘങ്ങൾ, കർഷകരുടെ സംഘങ്ങൾ എന്നിവ വഴി വിവിധങ്ങളായ കാർഷിക യന്ത്ര വല്കരണ പ്രവർത്തികൾ കർഷകരിൽ എത്തിക്കുന്നതിനും കസ്റ്റം ഹയറിംഗ് സെന്ററുകൾ സ്ഥാപിക്കുന്നതിനും കാർഷിക യന്ത്രങ്ങളുടെ ബാങ്കുകൾ രൂപീകരിക്കുന്നതിനും ധനസഹായം നൽകി വരുന്നു. കേരളത്തിലുടനീളം ട്രാക്ടർ, പവർ ട്രില്ലർ, സെൽഫ് പ്രൊപ്പൽഡ് മെഷീൻ, ട്രാൻസ്പ്ലാന്റർ, കമ്പയിൻഡ് ഹാർവെസ്റ്റർ, പ്രോസസിംഗ് മെഷിനറി, തുടങ്ങി വിവിധ കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും വിതരണം ചെയ്തിട്ടുണ്ട്.

ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ വളരെ കുറവ് സ്ഥലം ഉപയോഗപ്പെടുത്തിക്കൊണ്ട് സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ മഴമറ, തുള്ളിനന/ തിരിനന, ഇന്നവേഷൻ പ്രോജക്റ്റിൽ ഉൾപ്പെടുത്തി അക്വാപോണിക്സ് തുടങ്ങിയ ഘടകങ്ങൾ നടപ്പിലാക്കി വരുന്നു. വേനൽ കാലവും, മഴക്കാലവും ഉൾപ്പെടെ വർഷത്തിലുടനീളം പച്ചക്കറി കൃഷി സാധ്യമാക്കാനുള്ള പ്രോത്സാഹനമാണ് മിനിപോളീഹൗസും റെയിൻ ഷെൽട്ടറും. ജലത്തിന്റെ കാര്യക്ഷമമായ ഉപയോഗത്തിനും, ഈർപ്പം നിലനിർത്തുന്നതിനും ചെറുകിട തുള്ളിനന/ തിരിനന യൂണിറ്റുകൾ സ്ഥാപിച്ചു വരുന്നു. മത്സ്യകൃഷിയും പച്ചക്കറി കൃഷിയും സംയോജിപ്പിച്ച് നടപ്പിലാക്കുന്ന അക്വാപോണിക്സ് കൃഷി രീതി സംസ്ഥാനത്ത് പച്ചക്കറി വികസന പദ്ധതിയിൽ ഇന്നവേഷൻ പ്രോജക്റ്റ് എന്ന ഘടകത്തിൽ ഉൾപ്പെടുത്തി സബ്സിഡി നൽകി വരുന്നു.

സംസ്ഥാന ഹോർട്ടിക്കൾ മിഷൻ കേരള മിഷൻ ഫോർ ഇന്റെഗ്രേറ്റഡ് ഡവലപ്പ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതി പ്രകാരം 40-4000 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള പോളി ഹൗസുകൾ നിർമ്മിക്കുന്നതിന് 50 ശതമാനം സബ്സിഡിയും ഹൈടെക് ഫാമിംഗ് പദ്ധതി പ്രകാരം 400 ചതുരശ്ര മീറ്ററും അതിൽ കൂടുതലും വിസ്തീർണ്ണമുള്ള പോളീഹൗസുകൾ നിർമ്മിക്കുന്നതിന് 70 ശതമാനം സബ്സിഡിയും നൽകി വരുന്നു.

സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള കാർഷികോപകരണങ്ങൾ വാങ്ങുന്നതിന് മൊത്തം വിലയുടെ 50% വരെ ധനസഹായം നൽകി വരുന്നു. കൂടാതെ കാർഷികോല്പന്നങ്ങൾ സംസ്കരിക്കുന്നതിനും തരംതിരിക്കുന്നതിനും പായ്ക്കിംഗിനും വിപണനത്തിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ

മാർക്കറ്റുകളിൽ ഒരുക്കുന്നതിന് പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകും.

വിവിധ ഘടകങ്ങൾക്കുള്ള ധനസഹായം ചുവടെ പറയും പ്രകാരമാണ്.

| ഇനം | ധനസഹായം നിരക്ക് (യൂണിറ്റ് ഒന്നിന്) |
|---|---|
| പാക്ക് ഹൗസ് | 2 ലക്ഷം രൂപ |
| സംയോജിത പാക്ക് ഹൗസ് | സമതല പ്രദേശം- 17.5 ലക്ഷം രൂപ<br>മലയോര പ്രദേശം- 25 ലക്ഷം രൂപ |
| പ്രീകൂളിംഗ് യൂണിറ്റ് | സമതല പ്രദേശം- 8.75 ലക്ഷം രൂപ<br>മലയോര പ്രദേശം- 12.5 ലക്ഷം രൂപ |
| കോൾഡ് റൂം (സ്റ്റേജിംഗ്) | സമതല പ്രദേശം- 5.25 ലക്ഷം രൂപ<br>മലയോര പ്രദേശം- 7.5 ലക്ഷം രൂപ |
| മൊബൈൽ പ്രീകൂളിംഗ് യൂണിറ്റ് | സമതല പ്രദേശം- 8.75 ലക്ഷം രൂപ<br>മലയോര പ്രദേശം- 12.5 ലക്ഷം രൂപ |
| കോൾഡ് സ്റ്റോറേജ് (ടൈപ്പ്-1) | സമതല പ്രദേശം- 0.08 ലക്ഷം/മെട്രിക് ടൺ (5000 മെട്രിക് ടൺ സംഭരണ ശേഷി) |
| റീഫർ വാൻ | സമതല പ്രദേശം- 9.1 ലക്ഷം രൂപ<br>മലയോര പ്രദേശം- 13 ലക്ഷം രൂപ |
| പ്രൈമറി /മൊബേൽ /മിനിമൽ പ്രോസസ്സിംഗ് യൂണിറ്റ് | സമതല പ്രദേശം- 10 ലക്ഷം രൂപ<br>മലയോര പ്രദേശം- 13.75 ലക്ഷം രൂപ |
| റൈപ്പനിംഗ് ചേമ്പർ | സമതല പ്രദേശം- 35,000 രൂപ<br>മലയോര പ്രദേശം- 50,000 രൂപ |
| പ്രിസർവേഷൻ യൂണിറ്റ് | 1 ലക്ഷം രൂപ |

Maya P

**സെക്ഷൻ ഓഫീസർ**

അനുബന്ധം



'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

സംഗ്രഹം

കൃഷി വകുപ്പ്- 2020 ജനുവരി ഒന്നു മുതൽ 2021 ഏപ്രിൽ (വിഷു) വരെ സംസ്ഥാനത്തൊട്ടാകെ സുരക്ഷിത പച്ചക്കറി ലഭ്യമാക്കുന്നതിനായി ജീവനി - നമ്മുടെ കൃഷി,നമ്മുടെ ആരോഗ്യം' എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

കൃഷി (ആസൂത്രണം-ബി) വകുപ്പ്

സ.ഉ.(സാധാ) നം.1220/2019/കൃഷി തീയതി,തിരുവനന്തപുരം, 13/12/2019

---

പരാമർശം:- 1 15.11.2019 ൽ ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗ തീരുമാനം

2 കൃഷി ഡയറക്ടറുടെ 05.12.2019 ലെ വി.സി.38030/2019 നം കത്ത്.

ഉത്തരവ്

കൃഷി ഡയറക്ടർ പരാമർശം 2 പ്രകാരം ലഭ്യമാക്കിയ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ, 2020 ജനുവരി ഒന്നു മുതൽ 2021 ഏപ്രിൽ (വിഷു) വരെയുള്ള 470 ദിവസത്തിനുള്ള വിഷമുക്ത പച്ചക്കറി സംസ്ഥാനമൊട്ടാകെ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി "ജീവനി - നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ പദ്ധതിയ്ക്കായി പ്രാധാന്യം നൽകി നടപ്പിലാക്കുന്ന 21 പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഭൗമസൂചിക പദവി ലഭിച്ച വിത്തുൾപ്പെടെ 100 പരമ്പരാഗത പച്ചക്കറി വിത്തിനങ്ങൾ തിരഞ്ഞെടുത്ത് പ്രചരിപ്പിക്കുക. (വ്ലാത്താങ്കര ചീര, അഗത്തി ചീര, നിത്യ വഴുതന, വേങ്ങേരി വഴുതന, ആനക്കൊമ്പൻ വെണ്ട, മഞ്ചേശ്വരം വെണ്ട, പുള്ളിപയർ, കരുമണി പയർ, മലയാറ്റൂർ വെണ്ട, ഇടയൂർ മുളക് ,പലതരം നാടൻ പച്ചക്കറിയിനങ്ങൾ,വിവിധ കിഴങ്ങുവർഗ്ഗ വിളകൾ തുടങ്ങിയവ)

2. എല്ലാ വീട്ടിലും കറിവേപ്പില, പപ്പായ, മുരിങ്ങ, പല തരം ചീരകൾ,വാഴ എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കുക.

3. 2500 സ്കൂളുകളിൽ പച്ചക്കറി കൃഷി നടപ്പിലാക്കുക. അതോടൊപ്പം മറ്റ് പൊതു/ സ്വകാര്യ സ്ഥാപനങ്ങളിലെ ലഭ്യമായ എല്ലാ സ്ഥലങ്ങളിലും പച്ചക്കറി കൃഷി വ്യാപിപ്പിക്കുക.

4. ഗ്രാമ/ബ്ലോക്ക്/ജില്ലാ തലങ്ങളിൽ 1000 ക്യാമ്പയിനുകൾ സംഘടിപ്പിക്കുക.

5. 'കൃഷി പാഠശാല' എന്ന പേരിൽ എല്ലാ കൃഷി ഭവനുകളും വഴി കർഷകർക്കുള്ള പരിശീലനവും, ബോധവല്കരണവും സംഘടിപ്പിക്കുക.ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന ബോധവത്ക്കരണ ക്ലാസ്സുകൾ,ആരോഗ്യ ക്യാമ്പുകൾ എന്നിവിടങ്ങളിൽ "ജീവനി - നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" പദ്ധതിയെക്കുറിച്ചുള്ള അവബോധം പൊതുജനങ്ങൾക്ക് നൽകേണ്ടതാണ്.

6. ഗ്രാമ നഗര പ്രദേശങ്ങളിലെ വീട്ടുവളപ്പുകളിൽ / മട്ടുപ്പാവുകളിൽ 6 ലക്ഷത്തോളം ജൈവ രീതിയിലുള്ള പോഷകത്തോട്ടങ്ങൾ പ്രോത്സാഹിപ്പിക്കുക.

7. 2 ലക്ഷത്തോളം കർഷകർ ഉൾപ്പെടുന്ന പ്രവർത്തന മികവുള്ള ക്ലസ്റ്ററുകളുടെ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുക. അതോടൊപ്പം നിലവിലുള്ള ക്ലസ്റ്ററുകൾ ഉൾപ്പെടെ 1200 ക്ലസ്റ്ററുകൾ വിപുലീകരിക്കുകയും വിവിധ വർഷങ്ങളിലായി നിലനിൽക്കുന്ന റിവോൾവിംഗ് ഫണ്ട് ഈ പദ്ധതിയുടെ നടത്തിപ്പിനായി ഉപയോഗിക്കാവുന്നതാണ്.

8. നിലവിലുള്ള മഴമറകൾ വിപുലീകരിച്ച് ശക്തിപ്പെടുത്തുന്നതുൾപ്പെടെ 2000 മഴമറകൾക്ക് പ്രോത്സാഹനം നൽകുക.

9. 10000 സൂക്ഷ്മ ജലസേചന യൂണിറ്റുകൾ സ്ഥാപിക്കുക. (നിലവിലുള്ളത് ഉൾപ്പെടെ)

10. ആദിവാസി മേഖലയിൽ പരമ്പരാഗതമായി കൃഷി ചെയ്തു വരുന്ന പച്ചക്കറി വിളകളുടെ പ്രോത്സാഹനവും, കൃഷി പരിപാലനമുറയുടെ ചിത്രീകരണവും.

11. ബ്ലോക്ക് തലത്തിൽ ദൈവാര ഉല്പാദനത്തിനായുള്ള ക്രോപ്പ് കലണ്ടർ തയ്യാറാക്കുക.

12. 25 ഫാമേർസ് പ്രൊഡ്യൂസർ ഓർഗനൈസേഷനു (എഫ്.പി.ഒ.) കൾക്കുള്ള പ്രോത്സാഹനം.

13. കർഷകർക്ക് സാങ്കേതിക വൈദഗദ്ധ്യമുള്ള 24x7 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്ററുകൾ എസ്.എഫ്.എ.സി.യുടെ ആഭിമുഖ്യത്തിൽ ലഭ്യമാക്കൽ, പ്രത്യേക പോർട്ടൽ ഉരുത്തിരിച്ചെടുക്കൽ, ദൈവാരിക പ്രസിദ്ധീകരണം, കൃഷി ഇൻഫോ, ഹ്രസ്വ വീഡിയോ (എഫ്.ഐ.ബി.), ന്യൂസ് ലൈറ്റർ (വെജിറ്റബിൾ സെൽ) പ്രതിമാസ ടി.വി ചാനൽ പരിപാടി എന്നിവ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെടുത്തി രൂപീകരിക്കുക.

14. 25 അഗ്രി സ്റ്റാർട്ടപ്പുകൾ ഉൾപ്പെടെ 100 ഓളം കർഷകരുടെ നൂതന കണ്ടെത്തലുകൾ പ്രോത്സാഹിപ്പിക്കുക.

15. ആത്മ പദ്ധതിയുടെ നേതൃത്വത്തിൽ 200 ഫാം ഫീൽഡ് സ്കൂൾ പ്രോത്സാഹിപ്പിക്കുക.

16. 400 ബയോഫാർമസികളുടെ (നിലവിലുള്ളതുൾപ്പെടെ) അടിസ്ഥാന സൗകര്യം വികസിപ്പിച്ച് കർഷകർക്ക് ആവശ്യമായ ജൈവ ഉല്പാദന ഉപാധികൾ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുക.

17. കാർഷിക സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന പച്ചക്കറികളിലെ പ്രതിമാസ കീടനാശിനി അവശിഷ്ടപരിശോധന ഫലം സർക്കാർ വെബ് സൈറ്റിലൂടെ പൊതു ജനങ്ങൾക്കു ലഭ്യമാക്കുക.

18. നിലവിലുള്ള ബി.എൽ.എഫ്.ഒ. വിപണി, ക്ലസ്റ്റർ മാർക്കറ്റ്, ആഴ്ച ചന്ത, ഇക്കോഷോപ്പ് ഉൾപ്പെടെയുള്ള 1000 മാർക്കറ്റുകളെ വിപുലീകരിക്കുക.

19. 50 മൂല്യവർദ്ധിത യൂണിറ്റുകളുടെ വികസനം.

20. പ്രാദേശിക ഗ്രാമീണ ഉത്സവങ്ങളുമായി ബന്ധപ്പെടുത്തി പച്ചക്കറി മേളകളും ചന്തകളും സംഘടിപ്പിക്കുക.

21. കർഷകരുടെ നാടൻ വിത്തുകൾ പരസ്പരം കൈമാറുന്ന വിത്ത് കൈമാറ്റ കൂട്ടായ്മകൾ സംഘടിപ്പിക്കുക

2) മേൽ പരാമർശിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള തുക നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളിൽ നിന്നും കണ്ടെത്തേണ്ടതാണ് .

3) "ജീവനി - നമ്മുടെ കൃഷി , നമ്മുടെ ആരോഗ്യം" പദ്ധതിയുടെ നടത്തിപ്പിനുള്ള സംസ്ഥാന തല കമ്മിറ്റി അനുബന്ധം -1 ൽ ചേർത്തിരിക്കുന്നു. സംസ്ഥാനതല കമ്മിറ്റി ഉൾപ്പെടുന്ന ഒരു ടാസ്ക് ഫോഴ്സ് കൃഷി ഡയറക്ടർ രൂപീകരിക്കേണ്ടതും ഓരോ ജില്ലയുടേയു ചുമതല ഓരോ ടാസ്ക് ഫോഴ്സ് അംഗത്തിനും വീതിച്ച് നൽകേണ്ടതുമാണ് . ജില്ലാ തലത്തിൽ പദ്ധതിയുടെ ഏകോപനത്തിനായുള്ള ജില്ലാതല കമ്മിറ്റിയുടെ ഘടന അനുബന്ധം - 2 ൽ ചേർത്തിരിക്കുന്നു.

4) "ജീവനി - നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" പദ്ധതിയുമായി ബന്ധപ്പെടുത്തി താഴെ പറയുന്ന ഘടകങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

- നിലവിൽ കൃഷി വകുപ്പിന്റെ കീഴിലുള്ള 63 ഫാമുകളിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറി വിത്തുകളും

തൈകളും ഈ പദ്ധതിയിൻ കീഴിൽ നടപ്പ വർഷം സൗജന്യമായി കൃഷി ഭവനുകൾ വഴി കർഷകർക്ക് വിതരണം ചെയ്യേണ്ടതാണ്.

- 50 ഹെക്ടറിൽ കൂടുതൽ പച്ചക്കറി കൃഷിയുള്ള പഞ്ചായത്തുകളെ ജീവനി പച്ചക്കറി ഗ്രാമമായും 500 ഹെക്ടറിൽ കൂടുതൽ പച്ചക്കറികൃഷിയുള്ള ബ്ലോക്കുകളെ ജീവനി ഹരിത ബ്ലോക്ക് ആയും 10 ഹെക്ടറിൽ കൂടുതൽ പച്ചക്കറിയുള്ള കോർപ്പറേഷൻ/മുൻസിപ്പാലിറ്റികളെ ജീവനി ഹരിത നഗരമായും നാമകരണം ചെയ്യുക. കൂടാതെ ഈ പ്രദേശങ്ങളിൽ നിലവിലുള്ള പച്ചക്കറി കൃഷിയുടെ വിസ്തൃതി കൂട്ടുന്നതിന് നടപടി സ്വീകരിക്കുക.

- പൊതു/സ്വകാര്യ സ്ഥാപനങ്ങളിൽ പ്രോജക്ട് അടിസ്ഥാനത്തിൽ ജൈവ പച്ചക്കറി കൃഷി - ജയിൽ വളപ്പുകൾ, പൊലീസ് സ്റ്റേഷൻ, വി.എച്ച്.എസ്.സി./ഐ.ടി.ഐ. കോളേജുകൾ, അംഗൻവാടി, മറ്റ് സ്വകാര്യസ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ലഭ്യമായ എല്ലാ സ്ഥലങ്ങളിലും പച്ചക്കറി കൃഷി വ്യാപിപ്പിക്കുക.

- വിപണി സാധ്യത ഉറപ്പ വരുത്തുന്നതിനായി രജിസ്റ്റർ ചെയ്ത എ ഗ്രേഡ് ക്ലസ്റ്ററുകളുടെയും , സൂപ്പർ ക്ലസ്റ്ററുകളുടെയും അപ്പെക്സ് ബോഡി ജില്ലാതലത്തിൽ രൂപീകരിക്കുക. ഇക്കോഷോപ്പുകളുടെ അപ്പെക്സ് ബോഡിയും ജില്ലാതലത്തിൽ രൂപീകരിക്കുക. ഇതിനാവശ്യമായി വരുന്ന ഫണ്ട് ആത്മയിൽ നിന്നും കണ്ടെത്തേണ്ടതാണ്.

- നഗര പ്രദേശങ്ങളായ കോർപ്പറേഷനുകളിൽ 10 ഹരിത ഗ്രൂപ്പും, മുൻസിപ്പാലിറ്റികളിൽ 2 ഉം ഉല്പാദനോപാധികളുടെ വിപണന കേന്ദ്രമായി രൂപീകരിക്കുക.

- നിലവിലുള്ള പച്ചക്കറി ക്ലസ്റ്ററുകളിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്നവയുടെ പ്രദർശനം ദൃശ്യമാദ്ധ്യമങ്ങളിൽ (കിസാൻ കൃഷി ദീപം) സംഘടിപ്പിക്കുക.

- പച്ചക്കറി വികസന പദ്ധതിയിൽ നിലവിൽ നടപ്പിലാക്കി വരുന്ന ഘടകങ്ങൾ മറ്റ് പദ്ധതികളായ ആത്മ, ഓർഗാനിക് ഫാമിംഗ്, വി.എഫ്.പി.സി.കെ., മാർക്കറ്റിംഗ്, എസ്.എച്ച്.എം., എസ്.എഫ്.എ.സി ,എൽ.എസ്.ജി.ഡി ,കുടുംബശ്രീ,ഹരിത കേരള മിഷന്റെ ഉപഘടകമായ 'സുജലം സുഫലം' തുടങ്ങിയവയുമായി സംയോജിപ്പിച്ച് നടപ്പിലാക്കുക.

- "ജീവനി - നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" പദ്ധതിയ്ക്ക് അനുപൂരകമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്.

- പഞ്ചായത്ത് തലത്തിൽ ഇക്കോഷോപ്പ്, വിപണി, എ ഗ്രേഡ് ക്ലസ്റ്റർ മാർക്കറ്റ്, ബി.എൽ.എഫ്.ഒ.,

ഹരിത ഗ്രൂപ്പ് എന്നിവ വിപുലീകരിച്ച് അതുവഴി ജൈവ ഉല്പാദന ഉപാധികൾ, ജൈവ കീടനാശിനികൾ, കാർഷിക സർവ്വകലാശാല രൂപകൽപന ചെയ്ത പുതിയതരം പച്ചക്കറി വിത്തുകൾ, പരമ്പരാഗത പച്ചക്കറി വിത്തിനങ്ങൾ, സ്പ്രെയർ തുടങ്ങിയ ലഘു കാർഷികോപകരണങ്ങൾ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുകയും ചെയ്യുക. ഇവരുടെ ഫോൺ നമ്പർ പച്ചക്കറി വിത്തുകൾ വിതരണം ചെയ്യുന്നതിന്റെ കൂടെയുള്ള ലഘു ലേഖകളിൽ ഉൾപ്പെടുത്തി കൃഷിക്കാർക്ക് ലഭ്യമാക്കുക.

- പച്ചക്കറി കൃഷിയ്ക്കായുള്ള 10 ഹോട്ട്സ്പോട്ടുകൾ തിരഞ്ഞെടുത്ത് അവിടങ്ങളിൽ പച്ചക്കറി ഉല്പാദനത്തിനും വിപണനത്തിനുമുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കുക. (വാമനപുരം, പാറശ്ശാല, പഴയന്നൂർ, എലവൻഞ്ചേരി, വട്ടവട തുടങ്ങിയവ)

- പദ്ധതിയുടെ ഓരോ ഘടകങ്ങളും ഡോക്കുമെന്റ് ചെയ്യേണ്ടതും ആവശ്യമായ പ്രചരണം ഓരോ ഘട്ടത്തിലും നടത്തേണ്ടതുമാണ്.
- സുരക്ഷിതവും പോഷക സമൃദ്ധവുമായ ഭക്ഷണം ഉറപ്പുവരുത്തുന്ന ഒരു പദ്ധതി എന്ന അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പിലാക്കേണ്ടത്. ഇതിനായി ആരോഗ്യ വകുപ്പുമായി സഹകരിച്ചുകൊണ്ട് പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കണം. ആരോഗ്യ വകുപ്പിന്റെ പ്രവർത്തനങ്ങളും പ്രചാരണ സംവിധാനങ്ങളും ഉപയുക്തമാക്കേണ്ടതാണ്.
- കർഷകർ, വീട്ടമ്മമാർ എന്നിവരടങ്ങിയ കൂട്ടായ്മകൾക്ക് പരിശീലനം നൽകുവാൻ കൃഷിഭവൻ തലത്തിൽ, കൃഷി വകുപ്പ്/ കാർഷിക സർവ്വകലാശാല എന്നിവിടങ്ങളിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥരുടെ പാനൽ തയ്യാറാക്കി അവരുടെ സന്നദ്ധ സേവനം ഉപയുക്തമാക്കേണ്ടതാണ്.
- ആത്മ, ലീഡ്സ്, വെജിറ്റബിൾ ഡവലപ് മെന്റ് പ്രോഗ്രാം, ക്രോപ്പ് ഹെൽത്ത് മാനേജ്മെന്റ്, കർഷക മിത്രം, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ തുടങ്ങിയ പദ്ധതികളിലെ ജീവനക്കാരുടെ സേവനം പദ്ധതി നടത്തിപ്പിൽ ഉപയുക്താമാക്കേണ്ടതാണ്.
- കേരളത്തിലെ എല്ലാ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ- ലെ ജനപ്രതിനിധികളുടെ (വാർഡ് മെമ്പർ) വാസസ്ഥലത്തോ അവർക്ക് സ്വീകാര്യമായ മറ്റ് ഇടങ്ങളിലെ ജൈവരീതിയിലുള്ള പോഷക പ്രദർശനത്തോട്ടം നിർമ്മിക്കേണ്ടതാണ്. ഇതാവശ്യമായ സഹായവും മേൽനോട്ടവും, കൃഷിഭവൻ, വി.എഫ്.പി.സി.കെ ജീവനക്കാർ വഴിയും ആത്മ, ലീഡ്സ്, വി.ഡി.പി, ക്രോപ്പ് ഹെൽത്ത് മാനേജ്മെന്റ്, സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ തുടങ്ങിയ പദ്ധതികളിലെ ജീവനക്കാർ വഴിയും ലഭ്യമാക്കേണ്ടതും, ഈ പദ്ധതി ഘടകം 2020 ജനുവരി 15- ന് മുമ്പായി നടപ്പാക്കേണ്ടതുമാണ്.

- ഇക്കോളജിക്കൽ എഞ്ചിനീയറിംഗ്, വൃക്ഷായുർവേദ എന്നിവ പ്രചരിപ്പിക്കുക.

- ഈ പദ്ധതിയിലെ മികച്ച കർഷകർക്ക് അവാർഡ് നൽകി പ്രോത്സാഹിപ്പിക്കേണ്ടതാണ്.
- സംസ്ഥാന തല ടാസ്ക് ഫോഴ്സ് പദ്ധതിയുടെ അവലോകനം സൂക്ഷ്മമായി മോണിറ്റർ ചെയ്യേണ്ടതാണ്. കൂടാതെ വകുപ്പിന്റെ അവലോകന യോഗങ്ങൾ വഴിയും പദ്ധതി വിലയിരുത്തേണ്ടതാണ്.

5) സംസ്ഥാന വെജിറ്റബിൾ സെല്ലിനെ നോഡൽ ഏജൻസിയാക്കിക്കൊണ്ട് പദ്ധതിയുമായി ബന്ധപ്പെട്ടവരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും അനുബന്ധം- 3 ൽ ചേർക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)<br>
**ഡോ.രത്തന്.യു.കേല്കര്**<br>
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, കാർഷികവികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്/ഏ&ഇ),കേരള, തിരുവനന്തപുരം

രജിസ്ട്രാർ, കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി,തൃശ്ശൂർ

ഡയറക്ടർ, സമേതി,തിരുവനന്തപുരം.

മിഷൻ ഡയറക്ടർ, സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ,തിരുവനന്തപുരം.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം, കാക്കനാട്, കൊച്ചി.

മാനേജിംഗ് ഡയറക്ടർ, ഹോർട്ടികോർപ്പ്,തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം,തിരുവനന്തപുരം.

പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ,

കവടിയാർ. പി.ഒ, തിരുവനന്തപുരം.

ഡയറക്ടർ, സമേതി, വെൺപാലവട്ടം, ആനയറ. പി.ഒ, തിരുവനന്തപുരം

പ്രോജക്ട് ഡയറക്ടർ, ആത്മ പ്രോജക്ട് ഡയറക്ടറേറ്റ്, തൃശ്ശൂർ

എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും (കൃഷി ഡയറക്ടർ മുഖേന)

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി)

കൃഷി വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും

കരുതൽ ഫയൽ   ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു: കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

കാർഷികോല്പാദന കമ്മീഷണർ & അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ ക്ക്

സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ ക്ക്

<u>അനുബന്ധം - I</u>

സംസ്ഥാന തല കമ്മിറ്റി

**കൃഷി ഡയറക്ടർ- അദ്ധ്യക്ഷൻ**

**കൃഷി അഡീഷണൽ ഡയറക്ടർ (ഫാംസ്, ബയോ & വെജി) - കൺവീനർ**

**ഡയറക്ടർ (സമേതി)**

**മാനേജിംഗ് ഡയറക്ടർ (എസ്.എഫ്.എ.സി)**

**മിഷൻ ഡയറക്ടർ (എസ്.എച്ച്.എം)**

**മാനേജിംഗ് ഡയറക്ടർ (ഹോർട്ടികോർപ്പ്)**

**കൃഷി അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ്)**

**കൃഷി അഡീഷണൽ ഡയറക്ടർ (സിപി)**

**കൃഷി അഡീഷണൽ ഡയറക്ടർ (മാർക്കറ്റിംഗ്)**

**കൃഷി അഡീഷണൽ ഡയറക്ടർ (എക്സ്റ്റൻഷൻ)**

**കൃഷി അഡീഷണൽ ഡയറക്ടർ (എസ്.എച്ച്.എം)**

**കൃഷി ജോയിന്റ് ഡയറക്ടർ (വി,സി)- ജോയിന്റ് കൺവീനർ**

**കൃഷി ജോയിന്റ് ഡയറക്ടർ (എക്സ്റ്റൻഷൻ)- ജോയിന്റ് കൺവീനർ**

കൃഷി ഡെപ്യൂട്ടി ഡയറക്ടർ ([illegible]) - ജോയിന്റ് കൺവീനർ

കൃഷി ജോയിന്റ് ഡയറക്ടർ ([illegible])

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ( വി.എഫ്.പി.സി.കെ)

<u>അനുബന്ധം - 2</u>

<u>ജില്ലാതല കമ്മിറ്റി അംഗങ്ങൾ</u>

എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ - അദ്ധ്യക്ഷൻ

പ്രോജക്ട് ഡയറക്ടർ, ആത്മ - ഉപാദ്ധ്യക്ഷൻ

കൃഷി ഡെപ്യൂട്ടി ഡയറക്ടർ (NWDPRA) - കൺവീനർ

കൃഷി ഡെപ്യൂട്ടി ഡയറക്ടർ (എച്ച്)

കൃഷി ഡെപ്യൂട്ടി ഡയറക്ടർ (സി)

ഡെപ്യൂട്ടി ഡയറക്ടർ, ആർ.എ.റ്റി.റ്റി.സി.

എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി)

കൃഷി അസിസ്റ്റന്റ് ഡയറക്ടർ (മാർക്കറ്റിംഗ്) - ജോയിന്റ് കൺവീനർ

കാർഷിക സർവ്വകലാശാല പ്രതിനിധി

വി.എഫ്.പി.സി.കെ. പ്രതിനിധി

ജില്ലാ കോപ്പറേറ്റിവ് ബാങ്ക് പ്രതിനിധി

വിദ്യാഭ്യാസ വകുപ്പ് പ്രതിനിധി

<u>അനുബന്ധം - 3</u>

**(എ) എഫ്.ഐ.ബി. (ഫാം ഇൻഫർമേഷൻ ബ്യൂറോ)**

പദ്ധതിയ്ക്കായി സ്ലോഗൺ, ദൃശ്യഹ്രസ്വ ചിത്രങ്ങൾ (ഷോർട്ട് ഫിലിം) എന്നിവ തയ്യാറാക്കുക. പദ്ധതിയുമായി ബന്ധപ്പെട്ട് IIITMK, കിസാൻ കൃഷി ദീപം എന്നിവയെ സംയോജിപ്പിച്ച് പ്രചാരണ പരിപാടികൾ നടപ്പിലാക്കുക.

**(ബി) വി.എഫ്.പി.സി.കെ. (വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ - കേരള)**

പദ്ധതിയ്ക്കാവശ്യമായ പച്ചക്കറി വിത്തുകളും, തൈകളും സമയാസമയങ്ങളിൽ ലഭ്യമാക്കുക.

**(സി) ആത്മ (അഗ്രിക്കൾച്ചർ ടെക്നോളജി മാനേജ്മെന്റ് ഏജൻസി)**

ഈ പദ്ധതിയുടെ കീഴിലുള്ള പരിശീലന പരിപാടികൾ, ക്യാമ്പയിനുകൾ മിഷൻ പ്രോജക്ടുമായി സംയോജിപ്പിച്ച് നടപ്പിലാക്കുക.

**(ഡി) സമേതി (സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ മാനേജ്മെന്റ് ആന്റ് എക്സ്റ്റൻഷൻ ട്രെയിനിംഗ്**

**ഇൻസ്റ്റിറ്റ്യൂട്ട്)/ ആർ.എ.റ്റി.റ്റി.സി.**

ഈ പദ്ധതിയ്ക്ക് വേണ്ട പരിശീലനം നൽകുക

**(ഇ) എസ്.എഫ്.എ.സി. (സ്മോൾ ഫാമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം)**

മിഷൻ പദ്ധതിയ്ക്കാവശ്യമായ സോഫ്റ്റ് വെയർ ഡെവലപ്പ്മെന്റ്, (മൊബൈൽ ആപ്പ്) സ്റ്റാർട്ട് അപ്, എഫ്.പി.ഒ. എന്നിവ രൂപപ്പെടുത്തുക. 24x7 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്റർ മിഷൻ പ്രോജക്ട് പദ്ധതിയുമായി സംയോജിപ്പിക്കുക.

**(എഫ്) കിസാൻ കോൾ സെന്റർ**

മിഷൻ പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ കിസാൻ കോൾ സെന്ററിന് നൽകുക. അതുവഴി കൃഷിക്കാർക്ക് 24x7 മണിക്കൂറും പദ്ധതി വിവരങ്ങൾ ലഭ്യമാക്കുക.

**(ജി) സംസ്ഥാന തല കമ്മിററി**

സംസ്ഥാന തലത്തിലെ എല്ലാ പ്രവർത്തനങ്ങളുടെയും ഏകോപനം സംസ്ഥാനതല കമ്മിറ്റിയുടെ അദ്ധ്യക്ഷനായ കൃഷി ഡയറക്ടർ നടത്തേണ്ടതാണ്. സംസ്ഥാന തല കമ്മിറ്റിയുടെ അംഗങ്ങൾക്ക് ജില്ലകളുടെ പ്രത്യേക ചുമതല നൽകേണ്ടതും ആയതിന്റെ പ്രതിമാസ അവലോകനം നടത്തേണ്ടതുമാണ്.

**(എച്ച്) ഡയറക്ടറേറ്റിലെ മാർക്കറ്റിംഗ് സെക്ഷൻ**

വിപണനവുമായി ബന്ധപ്പെട്ട എല്ലാ വിഷയത്തിന്റെയും മേൽ നോട്ടം.

**(ഐ) ഡയറക്ടറേറ്റിലെ ഓർഗാനിക് ഫാമിംഗ് സെക്ഷൻ**

ഓർഗാനിക് ഫാമിംഗ് സ്കീമിൽ വരുന്ന ഇക്കോഷോപ്പ്, ജി.എ.പി. ക്ലസ്റ്റർ മുതലായവ മിഷൻ പ്രോജക്ട് പദ്ധതിയുമായി ബന്ധപ്പെടുത്തി നടപ്പിലാക്കേണ്ടതാണ്.

**(ജെ) ജില്ല പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ**

ജില്ലയിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ജില്ലതലത്തിൽ ഏകോപിപ്പിക്കേണ്ടതും ബ്ലോക്ക് പഞ്ചായത്ത് തലത്തിലെ നിർവ്വഹണത്തിന് മേൽനോട്ടം വഹിക്കേണ്ടതുമാണ്. പ്രതിമാസ അവലോകന റിപ്പോർട്ട് തയ്യാറാക്കി ഡയറക്ടർക്ക സമർപ്പിക്കേണ്ടതാണ്.

**(കെ) പ്രോജക്ട് ഡയറക്ടർ (ആത്മ)**

ആത്മ പദ്ധതിയിലെ പരിശീലനം, ഫാംസ് സ്കൂൾ, ഡെമോൺസ്ട്രേഷൻ, കിസാൻ ഗോഷ്ഠി തുടങ്ങിയ ഘടകങ്ങൾ 'ജീവനി- നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം' പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പാക്കേണ്ടതാണ്.

**(എൽ) കൃഷി ഡെപ്യൂട്ടി ഡയറക്ടർ (NWDPRA)**

കൃഷി ഡെപ്യൂട്ടി ഡയറക്ടർ (NWDPRA) പച്ചക്കറിയുടെ നിലവിലുള്ള പദ്ധതി ഘടകങ്ങൾ നടപ്പിലാക്കുന്നതിലൂടെ വിപണിയുമായി ബന്ധപ്പെട്ട ഘടകങ്ങളായ എ ഗ്രേഡ് ക്ലസ്റ്ററുകൾ, പൊട്ടൻഷ്യൽ ക്ലസ്റ്ററുകൾ, ഇക്കോഷോപ്പുകൾ, ബി.എൽ.എഫ്.ഒ. വിപണി, അഗ്രോ സർവ്വീസ് സെന്റർ, കാർഷിക കർമ്മസേന എന്നിവ വിപുലീകരിക്കുന്നതോടൊപ്പം നിലവിലുള്ള ഓർഗാനിക് ഫാമിംഗ് സ്കീം, ജി.എ.പി. പദ്ധതി, പി.കെ.വി.വൈ, കൃഷി വകുപ്പിനു കീഴിലുള്ള എല്ലാ പദ്ധതികളുമായി സംയോജിപ്പിച്ച് നടപ്പിലാക്കുക.

**(എം) കൃഷി ഡെപ്യൂട്ടി ഡയറക്ടർ (വൈ.പി)**

കൃഷി ഡെപ്യൂട്ടി ഡയറക്ടർ (YP) ഡിപ്പാർമെന്റ് ഫാമിലെ വിത്തുകളുടെയും തൈകളുടെയും ലഭ്യത ഉറപ്പാക്കുക. 2020-21 ലേയ്ക്കുള്ള വിത്തും, തൈയും അധികമായി ഉല്പാദിപ്പിക്കുവാനുള്ള സ്ഥലം ഫാമുകളിൽ കണ്ടെത്തുക, കൂടാതെ ഡിപ്പാർട്ട്മെന്റ് ഫാമുകളിൽ ട്രൈക്കോഡർമ്മ മുതലായ ജൈവ ഉല്പാദനോപാധികൾ ഉല്പാദിപ്പിച്ച് ടി പദ്ധതിയിലൂടെ വിതരണം ചെയ്യുക. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ഫണ്ട് മിഷൻ പദ്ധതിയുമായി സംയോജിപ്പിക്കുക.

**(എൻ) കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഇ &റ്റി)**

കാർഷിക കർമ്മസേന, അഗ്രോസർവ്വീസ് സെന്റർ എന്നിവയുടെ പ്രവർത്തനം മിഷൻ പ്രോജക്ട് പദ്ധതിയുടെ ഉല്പാദനോപാധികളുടെ ലഭ്യതയ്ക്കായും, ഉല്പന്നങ്ങളുടെ വിപണനത്തിനായും സംയോജിപ്പിക്കുക. ബയോഫാർമസി, പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക് ഈ പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കുക.

**(ഒ) കൃഷി ഡെപ്യൂട്ടി ഡയറക്ടർ (എച്ച്)**

സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ പദ്ധതി മിഷൻ പ്രോജക്ട് പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കുക മാർക്കറ്റിംഗ് എ.ഡി.എ മുഖാന്തിരം നടപ്പിലാക്കുന്ന സംഭരണ വിപണന പ്രവർത്തനങ്ങൾക്ക് മേൽ നോട്ടം വഹിക്കുക.

**(പി) കൃഷി ഡെപ്യൂട്ടി ഡയറക്ടർ (സി)**

ക്രോപ്പ് ഇൻഷുറൻസ് പദ്ധതി മിഷൻ പ്രോജക്ട് പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കുക.

**(ക്യൂ) എ.ഡി.എ. മാർക്കറ്റിംഗ്**

വിപണി സാധ്യത ഉറപ്പ വരുത്താനായി രജിസ്റ്റർ ചെയ്ത എ ഗ്രേഡ് ക്ലസ്റ്റർ മാർക്കറ്റുകളുടെയും, സൂപ്പർ ക്ലസ്റ്റർ മാർക്കറ്റുകളുടെയും, ഇക്കോഷോപ്പുകളുടെയും അപ്പെക്സ് ബോഡി ജില്ലാതലത്തിൽ രൂപീകരിക്കുക. ഈ അപ്പെക്സ് ബോഡി വഴി അതാത് ദിവസത്തെ പച്ചക്കറികളുടെ വില നിശ്ചയിച്ച് ബ്ലോക്ക് തല എ.ഡി.എ., വിപണി, ആഴ്ച ചന്തകൾ എന്നിവരെ അറിയിക്കുക. സംഭരണത്തിന്റെയും വിപണനത്തിന്റെയും മേൽ നോട്ടം വഹിക്കുക.

**(ആർ)** ഈ പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ ഏജൻസികളും പ്രതിമാസ അവലോകന റിപ്പോർട്ട് ഇതിനായുള്ള പോർട്ടലിൽ അപ് ലോഡ് ചെയ്യേണ്ടതാണ്.

Maya P
സെക്ഷൻ ഓഫീസർ